## SECTION A

**Q1. സന്ദർഭം, ആശയം, സാരസ്യം എന്നിവ വ്യക്തമാക്കുക. ഓരോ ഉത്തരവും നൂറ്റിയൻപതുവാക്കുകളിൽ കവിയരുത്.** *10×5=50*

(a) തുണയെനക്കിതു മിക്കവരുമുക്കേനമറ -
ച്ചുരുങ്കിനോരകുതിയെന്ററിഞ്ഞു നല്ലവരെല്ലാം
പണിമിതർക്കിവനെനക്കരുതിനൊയ്യവർകളും
പകയരാവതിനറപ്പരെന്നൊടൊപ്പമുടയോർ. *10*

(b) അരുതരുതിതൊഴീക കരുതുകൊരു സത്യവുണ്ടാനന്ദമൂർത്തേ
മറന്നിതോ മാനമ്പേ. *10*

(c) അഥവാ ക്ഷമപോലെ നന്മചെ -
യ്യരുളാൻ നോററൊരു നല്ല ബന്ധുവും
വൃഥപോലറിവോതിടുന്ന സദ് -
ഗുരുവും മർത്ത്യനുവേറെയില്ലതാൻ. *10*

(d) തത്ത്വശാസ്ത്രങ്ങൾ തേടുന്ന ബുദ്ധികൾ
ചുററുപാടും തളർന്നു കിടക്കവേ
ആരുവേവിച്ചു നല്കുമിപ്പുത്തൻ
വേദവാക്യം ? കടുകുവറുക്കണോ ? *10*

(e) എനിക്കുകൊതി നിൻവാലിൻ
രോമംകൊണ്ടൊതു മോതിരം. *10*

**Q2. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് ഓരോന്നിനും 200 വാക്കുകളിലും കവിയാതെ ഉത്തരമെഴുതുക.** *20+15+15=50*

(a) പ്രതിപാദ്യവിഷയമല്ല, മനോഹരമായവർണ്ണനകളും ചരിത്രപരമായി അതിനുലഭിച്ചപ്രാധാന്യവുമാണ് ഉണ്ണുനീലി സംന്ദശത്തെ ശ്രദ്ധേയമാക്കിയത്. ചർച്ചചെയ്യുക. 20

(b) ഇനിയും മരിക്കാത്ത ഭൂമിക്കുവേണ്ടി പുതിയൊരു പാരിസ്ഥിതികാവബോധം 'ഭൂമിക്കൊരു ചരമഗീതം' എന്ന കവിതയിൽ കവി ആവിഷ്കരിക്കുന്നുണ്ടു്. വിശദമാക്കുക. *15*

(c) 'പണ്ടത്തെ മേശ്ശാത്തി' യിൽ അടിമത്തത്തിന്റെ കണ്ണീർ ആമാശയത്തിലകപ്പെട്ട ഇരുമ്പു സൂചിയായി രൂപം കൊള്ളുന്നു. വിമർശന ബുദ്ധ്യാ വിലയിരുത്തുക. *15*

**Q3. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് ഓരോന്നിനും 200 വാക്കുകളിലും കവിയാതെ ഉത്തരമെഴുതുക.** *20+15+15=50*

(a) കണ്ണശ്ശരാമായണത്തിലെ ഭാഷ പാട്ടുസാഹിത്യത്തിലെ ഇതര കൃതികളിൽനിന്നും എങ്ങനെ വ്യത്യസ്തമായിരിക്കുന്നു അതിന്റെ കാരണങ്ങൾ എന്ത് ? *20*

(b) വാത്സല്യവും അഹംബോധവും തമ്മിലുള്ള ഏറ്റുമുട്ടലാണ് 'പെരുന്തച്ചൻ' എന്ന കവിതയിലെ അടിസ്ഥാന പ്രമേയം ; പ്രതിപാദ്യമാവട്ടെ മനുഷ്യമനസ്സിലെ വൈകാരിക സംഘർഷവും. ചർച്ചചെയ്യുക. *15*

(c) ബാഹ്യയാഥാർത്ഥ്യമല്ല വിപ്ലവാത്മകമായ ആന്തരികയാഥാർത്ഥ്യമാണു് 'കുടിയൊഴിക്കൽ' എന്നകാവ്യത്തെ പ്രസക്തമാക്കുന്നതു്. വിമർശിക്കുക. *15*

**Q4. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് ഓരോന്നിനും 200 വാക്കുകളിലും കവിയാതെ ഉത്തരമെഴുതുക.** *20+15+15=50*

(a) രാമായണകാവ്യത്തിലെ സീതാപരിത്യാഗവും ധർമ്മാധർമ്മങ്ങളെക്കുറിച്ചുള്ള ഗൗരവമായ ചർച്ചകളും തന്നെയാണ് ചിന്താവിഷ്ടയായ സീതയുടെ പൊരുൾ. വിശകലനം ചെയ്യുക. 20

(b) പദങ്ങളുടെ മേൽ അധീശത്വം കൈവരിച്ച കവിയാണ് തുഞ്ചത്തെഴുത്തച്ഛൻ. 'ഭീഷ്മപർവ്വ' ത്തിലെ പദവിന്യാസചാതുരി വിശകലനം ചെയ്തു് സ്ഥാപിക്കുക. 15

(c) റിയലിസ്റ്റിക് കവിയായ എൻവി. യുടെ തീവണ്ടിയിലെപാട്ട് എന്ന കവിതയിൽ കാല്പനികതയുടെ അംശങ്ങൾ കടന്നുവരുന്നുണ്ടോ എന്ന് അപഗ്രഥനാത്മകമായി പരിശോധിക്കുക. 15

## SECTION B

**Q5. എല്ലാചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഒരോ ഉത്തരവും നൂറ്റിയൻപതുവാക്കുകളിൽ കവിയരുതു്.** *10×5=50*

(a) 'ഇന്ദുലേഖ' യിലെ ഏററവും വിജയിച്ച കഥാപാത്രം ശീനുപ്പട്ടരും പരാജയപ്പെട്ടകഥാപാത്രം ചെറുശ്ശേരി നമ്പൂതിരിയുമാണ് എന്ന നിരീക്ഷണം യുക്തിസഹമോ ? വിലയിരുത്തുക. *10*

(b) അമ്മയായ ചക്കിയുടെ സംഭാഷണങ്ങളിൽ പ്രതിഫലിക്കുന്നതു് 'മൊലേം തലേം' വന്നകറുത്തമ്മയെക്കുറിച്ചുള്ള ആകുലതകളും ഉൽക്കണ്ഠയുമാണ്. പര്യാലോചിക്കുക. *10*

(c) "വ്യാസൻ സ്വർഗ്ഗനരക ങ്ങളിൽവെച്ചും മനുഷ്യകഥാനുഗായിതന്നെ." 'ഭാരതപര്യടന' ത്തിലെ ഈ നിരീക്ഷണത്തിന് അടിസ്ഥാനമായ വസ്തുതകൾ വിവരിക്കുക. *10*

(d) തീവ്രമായ അനുഭവങ്ങളിൽനിന്നുരുത്തിരിഞ്ഞ രൂക്ഷമായ ആക്ഷേപങ്ങൾ 'കണ്ണീരും കിനാവും' എന്ന ആത്മകഥയിൽ തെളിഞ്ഞുകാണാം. സോദാഹരണം വ്യക്തമാക്കുക. *10*

(e) 'പാടുന്ന പിശാച് ' എന്ന കാവ്യത്തെ 'പ്രഥപനം' എന്നു് അതിന്റെ അവസാനഭാഗത്തു് ചങ്ങമ്പുഴതന്നെ വിശേഷിപ്പിച്ചതിനു് എം.കെ. സാനു ചൂണ്ടിക്കാണിച്ചകാരണങ്ങൾ യുക്തി സഹവോ ? പരിശോധിക്കുക. *10*

**Q6. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് ഓരോന്നിനും 200 വാക്കുകളിലും കവിയാതെ ഉത്തരമെഴുതുക.** *20+15+15=50*

(a) ജീവിതത്തിന്റെ അർത്ഥശൂന്യത, നിഷ്ഫലത എന്നിവയെപ്പറ്റിയുള്ള അവബോധമാണ് ഖസാക്കിന്റെ ഇതിഹാസം അവശേഷിപ്പിക്കുന്നുത്. ചർച്ചയെയ്യുക. *20*

(b) മുതിർന്നവരുടെ ലോകത്തിലെ പതിവുവഴക്കങ്ങളെ ഇളംതെന്നലിന്റെ സ്വാതന്ത്ര്യ ത്തോടുകൂടിഗൂഢമായി വിചാരണ ചെയ്യുന്ന ജാനകിക്കുട്ടിയുടെ കഥയാണു് 'ചെറിയചെറിയ ഭൂകമ്പങ്ങൾ'. വിശദമാക്കുക. *15*

(c) സ്ത്രീയുടെ സ്വത്വത്തെക്കുറിച്ചും ശക്തിയെ ക്കുറിച്ചുമുള്ള എൻ.എസ്. മാധവന്റെ കാഴ്ചപ്പാടുകൾ 'കാണി' എന്ന കഥയിൽ പ്രതിഫലികുന്നതു് വിമർശാത്മകമായി വിലയിരുത്തുക. *15*

**Q7. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് ഓരോന്നിനും 200 വാക്കുകളിലും കവിയാതെ ഉത്തരമെഴുതുക.** *20+15+15=50*

(a) സ്ത്രീകേന്ദ്രീതമായ ഒരു പഴയ തത്ത്വശാസ്ത്രത്തെ ബലപ്പെടുത്തുന്നതിനുവേണ്ടി കടലമ്മയ്ക്കു ബലികൊടുത്ത പളനിയാണ് 'ചെമ്മീ' നിലെ യഥാർത്ഥ അന്തകഥാപാത്രം. സ്ഥാപിക്കുക. *20*

(b) 'ഇന്ദുലേഖ' യുടെ സ്വീകാര്യതയ്ക്ക് നിമിത്തം അതിൽ പ്രതിഫലിക്കുന്ന ആധുനിക വിദ്യാഭ്യാസവും തജ്ജന്യമായ സ്വാതന്ത്ര്യബോധവുമാണു്. ചർച്ചചെയ്യുക. *15*

(c) കാമവികാരത്തിന്റെ മദാന്ധമായ പ്രയാണം മൂലം താളംതെററിയ ജീവിത മായിരുന്നു ചങ്ങമ്പുഴയുടേതു്. 'ചങ്ങമ്പുഴ കൃഷ്ണപിള്ള - നക്ഷത്രങ്ങളുടെ സ്നേഹഭാജനം' എന്ന കൃതി ആസ്പദമാക്കി ആ ജീവിതത്തിന്റെ സ്വഭാവം വിശകലനം ചെയ്യുക. *15*

**Q8. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് ഓരോന്നിനും 200 വാക്കുകളിലും കവിയാതെ ഉത്തരമെഴുതുക.** *20+15+15=50*

(a) '1128-ൽ ക്രൈം നമ്പർ 27'എന്ന നാടകത്തിൽ സി.ജെ. തോമസ് കഥാപാത്രങ്ങളുടെ ധ്വന്യാത്മകമായ സംഭാഷണങ്ങളിലൂടെയും വിരുദ്ധോക്തീകളി ലൂടെയും ജീവിത-മരണങ്ങളുടെ നിരർത്ഥകത വെളിച്ചത്തുകൊണ്ടുവരുന്നു. സോദാഹരണം വിലയിരുത്തുക. *20*

(b) പിതൃമനസ്സുകളുടെ ധാർമ്മികനിയമങ്ങൾ ലംഘിക്കുന്ന പിതാക്കന്മാരുടെ പ്രതീകമാണു് 'എന്റെ മകൾ ഒരു സ്ത്രീ' എന്ന കഥയിലെ അച്ഛൻ. ഈ കഥ സമകാലിനസാമൂഹികപശ്ചാത്തലത്തിൽ പരിശോധിക്കുക. *15*

(c) "ലോകത്തിൽ 'സുയോധനൻ, ദുര്യോധനൻ' എനുരണ്ടുപേരില്ല - യുദ്ധത്തിനു നല്ല (ധർമ്മ) യുദ്ധം എന്നൊരുവിഭാഗമില്ല," മാരാരുടെ ഈ നിഗമനത്തിനു അടിസ്ഥാനമായ യുക്തികൾ 'ഭീഷ്മരുടെ ധർമ്മനിശ്ചയം' എന്ന ലേഖനം മുൻനിർത്തിവിശകലനം ചെയ്യുക. *15*